# മീനച്ചിലാറിന്റെ തീരത്ത് മരത്തിൽ പണിത മസ്ജിദ്

**കോട്ടയം** നഗരത്തിനടുത്ത് മീനച്ചിലാറിന്റെ തീരത്ത് നിലകൊള്ളുന്ന മനോഹരമായ പള്ളിയാണ് താഴത്തങ്ങാടി ജുമാ മസ്ജിദ്. 1200-ലേറെ വർഷം പഴക്കമുള്ള ഈ പള്ളി പണിതത് മാലിക്ബ്നു ദീനാറും ഹബീബ്ബിനു ദീനാറും ആണെന്ന് പറയപ്പെടുന്നു. ചേരമാൻ മാലിക് മസ്ജിദ് കൊടുങ്ങല്ലൂർ, കാസർകോട് തീങ്കരയിലെ മാലിക്ബിനു ദീനാർ മസ്ജിദ് എന്നിവ സ്ഥാപിക്കപ്പെട്ട കാലത്താണ് താഴത്തങ്ങാടി പള്ളിയും പണിതത് എന്ന് വിശ്വസിക്കപ്പെടുന്നു. പൂർണമായും മരത്തിൽ പണിത പള്ളിക്ക് ഒറ്റത്തടിയിൽ തീർത്ത എട്ടു തൂണുകളുണ്ട്. പൗരാണിക ശിൽപ ചാതുരിയും വാസ്തുവിദ്യയും സമന്വയിപ്പിച്ച് നിർമിച്ച പള്ളിക്ക് അഞ്ച് എടുപ്പുകളുണ്ട്.

മനോഹരമായ കൊത്തുപണികളും പുറം പള്ളിയുടെ വാതിലുകളുടെ മുകൾഭാഗത്ത് മരത്തിൽ കൊത്തിയ ചേതോഹരമായ ഖുർആൻ സൂക്തങ്ങളും മച്ചിന്റെയും മേൽക്കൂരയുടെയും നിർമാണ ചാരുതയും ആരെയും ആകർഷിക്കുന്നതാണ്. ഒറ്റക്കല്ലിൽ തീർത്ത ഹൗളാണ് മറ്റൊരു പ്രത്യേകത. 'താഴത്തങ്ങാടി ജുമുഅത്ത് പള്ളി മിക്കവർക്കും മുഖ്യ മഹാപള്ളി' എന്ന് ചിലർ ഈ പള്ളിയെ പുകഴ്ത്തിപ്പാടിയിട്ടുണ്ട്.

പള്ളിയുടെ തൊട്ടടുത്തുള്ള രണ്ട് ഖബ്റുകളിലൊന്ന് ഹബീബ്ബ്നു ദീനാറിന്റേതാണെന്ന് ചിലർ കരുതുന്നു. മുമ്പെപ്പോഴോ അവിടെ ചന്ദനക്കുടം നേർച്ച നടന്നിരുന്നവത്രെ. ഇപ്പോൾ ചന്ദനക്കുടം നടക്കാറില്ല. മാത്രമല്ല പല മഖ്ബറകളിലും കാണുന്ന പോലെ ഖബ്റുകൾ കെട്ടിപ്പൊക്കിയിട്ടുമില്ല. ഹബീബ്ബ്നു ദീനാറിന്റേതാണ് ഖബ്റെന്ന് പറയാൻ ചരിത്ര രേഖകളൊന്നുംതന്നെയില്ല.



ടൂറിസം ഭൂപടത്തിൽ സ്ഥലം പിടിച്ചിട്ടുള്ള ചരിത്ര പ്രാധാന്യമുള്ള ഈ പള്ളി, പൊളിച്ചുമാറ്റുകയോ പുനർനിർമിക്കുകയോ ചെയ്യാതെ പഴമ നഷ്ടപ്പെടാതെ അറ്റകുറ്റപണികൾ നടത്തി പൂർവാവസ്ഥയിൽ തന്നെ സംരക്ഷിക്കുന്നത് പ്രശംസനീയമാണ്. മഹത്തായ പൈതൃകത്തിന്റെ പ്രതീകമായ ഈ പള്ളിയെക്കുറിച്ച് മുസ്‌ലിം സമൂഹത്തിനു പോലും വേണ്ടത്ര അറിയുമോ എന്ന കാര്യം സംശയമാണ്.

ഒട്ടേറെ പുതിയ പള്ളികൾ പരിസര പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും താഴത്തങ്ങാടി ജുമാ മസ്ജിദിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നില്ല.

വിവിധ വിഭാഗങ്ങൾ മേൽനോട്ടം വഹിക്കുന്ന ആറു പള്ളികൾ താഴത്തങ്ങാടി ജുമാ മസ്ജിദിന്റെ മഹല്ല് പരിധിയിലുണ്ട്. അവ താഴത്തങ്ങാടി പള്ളിയുടെ നേതൃത്വം അംഗീകരിക്കുന്നു. ■

# ആഫിയാ സിദ്ദീഖി ചെയ്ത കുറ്റമെന്ത്?

**പാക്** ശാസ്ത്രജ്ഞയായ ആഫിയ സിദ്ദീഖിയെ 'ഒളിവിൽ'നിന്ന് പുറത്തുകൊണ്ട് വന്ന് വിചാരണാ പ്രഹസനം നടത്തി തുറുങ്കിലടക്കാനുള്ള അമേരിക്കൻ ഭരണകൂടത്തിന്റെ വെപ്രാളം ഒരുപാട് ചോദ്യങ്ങൾ ഉയർത്തുന്നു. എണീറ്റു നിൽക്കാൻ പോലും കഴിയാതെ അവശയായ ആഫിയക്കെതിരെ ഒരുമാതിരി ഭീകര കുറ്റങ്ങളൊക്കെ അമേരിക്കൻ പോലീസ് ചാർത്തിയിട്ടുണ്ട്. അഫ്ഗാനിലെ അമേരിക്കൻ ഉദ്യോഗസ്ഥരെ കൊല്ലാൻ ശ്രമിച്ചു, ബോംബ് നിർമാണ സാമഗ്രികൾ കൈവശം വെച്ചു, ചോദ്യം ചെയ്യലിനിടയിൽ റൈഫിൾ പിടിച്ചുവാങ്ങി എഫ്.ബി.ഐ ഏജന്റുമാർക്കും അമേരിക്കൻ സൈനികർക്കുമെതിരെ വെടിയുതിർത്തു.... ആഫിയ തുരുതുരാ വെടിയുതിർത്തെങ്കിലും ആർക്കും കൊണ്ടില്ല. പട്ടാളക്കാർ 'ആത്മരക്ഷാർഥം' തിരിച്ചു വെടിവെച്ചപ്പോഴാണ് ആഫിയയുടെ കൈക്ക് മുറിവേറ്റത്.

ഇപ്പറഞ്ഞതത്രയും പച്ചക്കളമാണെന്ന് ആഫിയയുടെ അഭിഭാഷകർ പറഞ്ഞു. അമേരിക്കയിലെ പ്രശസ്തമായ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഓണേഴ്സോടെ ബിരുദം നേടുകയും ന്യൂറോ സയൻസിൽ ഡോക്ടറേറ്റ് നേടുകയും ചെയ്ത ഈ മുപ്പത്തിയാറുകാരിക്ക് ഒരാളെയും ശാരീരികമായി ആക്രമിക്കാനുള്ള കെൽപില്ലെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. താങ്ങിപ്പിടിച്ചാണ് അവരെ കോടതിയിൽ



*ആഫിയ സിദ്ദീഖി*

കൊണ്ടുവന്നത്. തനിക്കെതിരെയുള്ള കുറ്റപത്രം വായിച്ച് കേട്ടപ്പോൾ അമ്പരപ്പോടെ നിഷേധാർഥത്തിൽ തലയാട്ടാനേ അവർക്ക് കഴിയുമായിരുന്നുള്ളൂ.

യഥാർഥത്തിൽ ആഫിയ അഞ്ചു വർഷമായി ഏതോ അജ്ഞാത അമേരിക്കൻ തടവറയിൽ കഴിയുകയായിരുന്നു. അവരെ അമേരിക്കയിലേക്ക് കൊണ്ടുവന്ന് വിചാരണ ചെയ്യാനാണ് ഈ അറസ്റ്റ് നാടകവും കുറ്റങ്ങൾ എഴുതിച്ചേർക്കലുമൊക്കെ. അമേരിക്കയിലെ ഇരട്ട ടവർ ആക്രമണത്തിനു ശേഷം പാകിസ്താനിൽനിന്ന് മാത്രം ഇതുപോലെ 700 പേരെങ്കിലും ദുരൂഹ സാഹചര്യത്തിൽ അപ്രത്യക്ഷരായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. "ആഫിയാ കേസ് ദുരൂഹമായി അപ്രത്യക്ഷരായവരുടെ പ്രശ്നം ലോകശ്രദ്ധയിൽ കൊണ്ടുവരുമെന്ന് ഞാൻ കരുതുന്നു" പാകിസ്താൻ മനുഷ്യാവകാശ പ്രവർത്തകനായ അലി ദയാൻ ഹസൻ പറഞ്ഞു. ■